"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ് - ജവാന്മാർക്കുവേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായത്തിൽ നിന്ന് സായുധസേനാ പതാകദിന ഫണ്ടിലേയ്ക്ക് ഒരു കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.29/2023/SWD തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:-

1. സ.ഉ.(പി) നം.215/12/റ്റി.ഡി. തീയതി, 02.11.2012 പ്രകാരം പുറപ്പെടുവിച്ച 764/12 നമ്പറിലെ SRO നോട്ടിഫിക്കേഷൻ.
2. സൈനിക ക്ഷേമ ഡയറക്ടറുടെ 26.07.2023-ലെ DSW/410/SDG LOTTERY/2023-A4 നമ്പർ കത്ത്.
3. GO(Rt)No.7096/2023/FIN dated 09.10.2023

**<u>ഉത്തരവ്</u>**

വിമുക്തഭടന്മാരുടെയും ആശ്രിതരുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കായി തുക കണ്ടെത്തുന്നത് പ്രധാനമായും സായുധസേനാ പതാകദിന കളക്ഷൻ മുഖേനയാണ്. സായുധസേനാ പതാകദിന ഫണ്ടിലെ തുക അപര്യാപ്തമായതിനാൽ, ധനസമാഹരണത്തിനായി ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ഫോർ ജവാൻ എന്ന പേരിൽ സംസ്ഥാന ലോട്ടറി വകുപ്പ് ഒന്നാമത് പരാമർശിച്ച നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരം ഒരു ലോട്ടറി നടത്തുകയുണ്ടായി. 04.01.2013-ൽ നറുക്കെടുപ്പ് നടന്ന പ്രസ്തുത ലോട്ടറിയുടെ അറ്റാദായത്തിൽ നിന്നും ആറ് കോടി രൂപ അൻപത് ലക്ഷം രൂപ വിവിധ കാലയളവിൽ ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

2. പ്രസ്തുത അറ്റാദായത്തിൽ നിന്നും ഇനിയും ലഭ്യമാകേണ്ട 6 കോടി 47 ലക്ഷം രൂപ സായുധസേനാ പതാകദിന ഫണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം പരിശോധിക്കുകയും പരാമർശം 1-ലെ നോട്ടിഫിക്കേഷൻ പ്രകാരം നടത്തിയ ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായത്തിൽ നിന്നും **₹ 1,00,00,000/-**

**(ഒരു കോടി രൂപ മാത്രം)** സായുധസേനാ പതാകദിന ഫണ്ടിലേയ്ക്ക് റിലീസ് ചെയ്യുന്നതിന് 2023-24 സാമ്പത്തിക വർഷം "2235-60-200-71 ജവാന്മാർക്കുവേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേയ്ക്കുള്ള റിലീസ്" ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ ആയി ഒരു കോടി രൂപ പരാമർശം 3 ഉത്തരവ് പ്രകാരം അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക ഫ്ളാഗ്ഡേ ഫണ്ട് അക്കൗണ്ടിലേയ്ക്ക് റിലീസ് ചെയ്യുന്നതിനും ഫ്ളാഗ്ഡേ ഫണ്ട് അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന്റെ വ്യവസ്ഥകൾ പ്രകാരം ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ചെലവ് ചെയ്യുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗരഭ് ജെയിൻ
സെക്രട്ടറി

പകർപ്പ്:-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ (എക്സ്പെൻഡിച്ചർ-ഡി) വകുപ്പിന് (22.10.2023-ലെ E-2518540 EXP-D4/114/2023-FIN പ്രകാരം).
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Jenshar
സെക്ഷൻ ഓഫീസർ
Date: 28-11-2023 11:41:14